പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 198 — 26/09/2016-ൽ മറുപടിക്ക്

## പോസ്റ്റ് മോർട്ടത്തിന്റെ കണക്കുകൾ

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യ, കുടുംബക്ഷേമ സാമൂഹ്യ നീതി വകുപ്പ് മന്ത്രി) |
| (എ) ഒരു വർഷം ശരാശരി എത്ര പോസ്റ്റ് മോർട്ടം പരിശോധന നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നടക്കുന്ന ശരാശരി 9211 പോസ്റ്റുമോർട്ടവും ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നടക്കുന്ന ശരാശരി 9919 പോസ്റ്റുമോർട്ടവുമുൾപ്പെടെ സംസ്ഥാനത്താകെ ഒരു വർഷം 19130 പോസ്റ്റുമോർട്ടങ്ങൾ നടക്കുന്നുണ്ട്. |
| (ബി) 2015 ൽ പോലീസ് സർജൻമാരും ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർമാരും ചെയ്ത പോസ്റ്റുമോർട്ടത്തിന്റെ ആശുപത്രികൾ തിരിച്ചുള്ള കണക്കുകൾ നൽകാമോ; | (ബി) അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു |
| (സി) മരിച്ചവരുടെ ബന്ധുക്കളും അധികൃതരും പോലീസ് സർജൻമാരുടെ കുറവുമൂലം പോസ്റ്റ് മോർട്ടത്തിനായി പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമുള്ള പോലീസ് സർജൻ തസ്തികകളിൽ അവസാനമായി നിയമനം എപ്പോഴാണ് നടത്തിയത്; മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) ആരോഗ്യ വകുപ്പിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ 25.06.2016 - ലെ ഇ.എ 1-1008/2016/ആവഡ പ്രകാരവും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ 19.08.2016 - ലെ ജി3/21554/2016/മെ.വി.വ നമ്പർ ഉത്തരവ് പ്രകാരവുമാണ് ഒടുവിൽ നിയമനം നടത്തിയിട്ടുള്ളത്. ആരോഗ്യ വകുപ്പിൽ ടി തസ്തികയിൽ ഒഴിവുകളൊന്നും തന്നെ |

| | |
|---|---|
| | നിലവിലില്ലാത്തതും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 22 ഒഴിവുകൾ നിലവിലുള്ളതുമാണ്. |
| (ഇ) പോലീസ് സർജൻ മാത്രം പോസ്റ്റ്മോർട്ടം പരിശോധന നടത്താവുന്ന മരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) കസ്റ്റഡി മരണങ്ങൾ, ചികിത്സാ പിഴവ് ആരോപിക്കപ്പെടുന്ന മരണങ്ങൾ, കൊലപാതകങ്ങൾ, സ്ത്രീധനവും അതുമായി ബന്ധപ്പെട്ട മരണങ്ങൾ സംശയാസ്പദവും സങ്കീർണ്ണവുമായ മരണങ്ങൾ, ഇൻക്വസ്റ്റിന്റെ സമയത്ത് മരണകാരണം വ്യക്തമല്ലാത്ത മരണങ്ങൾ, മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് തയ്യാറാക്കിയ എല്ലാ മരണങ്ങളും എന്നിവ പോലീസ് സർജൻ മാത്രം പോസ്റ്റ്മോർട്ടം നടത്തേണ്ടതാണെന്ന് കേരളാ മെഡിക്കോ ലീഗൽ കോഡിൽ (22.10.2011 – ലെ സ.ഉ(എം.എസ്.നം.232/2011/ആ.വ നമ്പർ ഉത്തരവ്) വ്യക്തമാക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്